കല്പട ജലസേചനപദ്ധതി

* 71. [14] ശ്രീ. ഡി. ദാമോദരൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പട ജലസേചനപദ്ധതിക്ക് കൂടുതൽ തുക അനുവദിച്ചുകിട്ടേണ്ട കാര്യം പ്ലാനിംഗ് കമ്മീഷന്റെയും കേന്ദ്രഗവണ്മെന്റിന്റെയും ശ്രദ്ധയിൽ ഈ ഗവണ്മെന്റു കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു മറുപടിയാണു് ലഭിച്ചതു് ;

(സി) ഈ പദ്ധതി വളരെ വേഗം പുരോഗമിപ്പിക്കുന്നതിനുള്ള സത്വര നടപടികളും എടുക്കുവാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ, ബി) ഇറിഗേഷനു് ഇപ്പോഴുള്ള വിഹിതം, പുതിയ പദ്ധതികളിൽ ഒന്നിനേറെയും പണി ത്വരിതപ്പെടുത്തുവാൻ മതിയാകാത്തതായതുകൊണ്ടു് കൂടുതൽ തുക അനുവദിക്കണമെന്നു് കേന്ദ്രഗവണ്മെന്റിനോടു് അപേക്ഷിച്ചിട്ടുണ്ടു്. ഈ കാര്യം സംബന്ധിച്ചു് അവസാനതീരുമാനം ഇതുവരെയും അറിയിച്ചിട്ടില്ല.

(സി) മുകളിൽ പറഞ്ഞ സാമ്പത്തിക പരിമിതിക്കകത്തു് കിട്ടാവുന്നിടത്തോളം പുരോഗതി കൈവരുത്തുവാൻ നടപടികളും എടുത്തിട്ടുണ്ടു്.

ഹെഡ്കാൺസ്റ്റബിളുമാരായി പ്രമോഷൻ കൊടുക്കുന്നതിനുള്ള പരീക്ഷ.

* 72. [16] ശ്രീ. എൻ. ഗോപാലക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസു് കാൺസ്റ്റബിളുമാർക്കു് ഹെഡ്കാൺസ്റ്റബിളുമാരായി പ്രമോഷൻ കൊടുക്കുന്നതിനു എന്തെങ്കിലും പരീക്ഷ നടത്താറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്റ്റേറ്റു അടിസ്ഥാനത്തിലോ ഡിസ്ട്രിക്കു് അടിസ്ഥാനത്തിലോ;

(സി) ഒരേ പരീക്ഷയിൽത്തന്നെ ജയിക്കുന്നവരുടെ ഒന്നിലധികം ലിസ്റ്റുകളും ഉണ്ടാക്കാറുണ്ടോ;

(ഡി) കഴിഞ്ഞ ടെസ്റ്റു നടന്നതെന്നാണു്;

(ഈ) അതിൽ എത്ര ലിസ്റ്റുകളും പ്രസിദ്ധപ്പെടുത്തി;

(എഫ്) അവർക്കെല്ലാം പ്രമോഷൻ കൊടുത്തുകഴിഞ്ഞോ;

(ജി) ഈ ലിസ്റ്റുകളും പിന്നീടു് റദ്ദാക്കിയിട്ടുണ്ടോ ;

(എച്ചു്) ഉണ്ടെങ്കിൽ കാരണമെന്തു് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ടു്.

(ബി) ഡിസ്ട്രിക്ടു് അടിസ്ഥാനത്തിൽ.

(സി) സാധാരണ ഒരേ പരീക്ഷയിൽ ജയിച്ചവരുടെ ഒന്നിലധികം ലിസ്റ്റുകളും ഉണ്ടാക്കാറില്ല.

(ഡി) തെക്കൻമേഖലയിൽ 1963 വർഷത്തിലെ അവസാനത്തെ ടെസ്റ്റു് നടന്നതു് 18-2-1963-ലാണു്. വടക്കൻമേഖലയിൽ 1963-ൽ ടെസ്റ്റു നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) രണ്ടു്. രണ്ടാമത്തെ ലിസ്റ്റു് പിന്നീടു് റദ്ദു് ചെയ്തു.

(എഫ്) മുൻപറഞ്ഞ രണ്ടു ലിസ്റ്റുകളിലും ഉൾപ്പെടുത്തിയിരുന്ന എല്ലാവർക്കും പ്രമോഷൻ നൽകിക്കഴിഞ്ഞിട്ടില്ല.

(ജി, എച്ചു്) രണ്ടാമത്തെ പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റു് നിയമാനുസൃതം ഉണ്ടാക്കിയതായിരുന്നില്ല. അതിനാൽ അതു പിന്നീടു റദ്ദാക്കി.

ബൈവീക്കിലി ഡിസ്പെൻസറികൾ

* 73. [20] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ബൈവീക്കിലി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടു്;

(ബി) അവ എവിടെയെല്ലാം;

(സി) ടി ഡിസ്പെൻസറികൾ ഫുൾടൈം ആക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ഡി) കോട്ടയം ഡിസ്ട്രിക്ടിൽ വൈക്കം താലൂക്കിൽ മുളകുളം വില്ലേജിൽ പെരുവ ബൈവീക്കിലി ഡിസ്പെൻസറി അപ്പ്ഗ്രേഡു് ചെയ്തു ഫുൾടൈം ആക്കണമെന്നു കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 36.

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(സി) ചില ഡിസ്പെൻസറികൾ ഫുൾടൈം ആക്കുന്നതിനു പരിപാടിയുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) നിവേദനം ഹെൽത്തു് സർവ്വീസ് ഡയറക്ടർക്കു് അയച്ചുകൊടുത്തു. 1964-65-ലെ ബഡ്ജറ്റിൽ ഈ ഡിസ്പെൻസറി അപ്പ്ഗ്രേഡു് ചെയ്യുന്നതിനുള്ള തുക ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരികയാണു്.

വില്ലേജ് ഉദ്യോഗസ്ഥന്മാരുടെ സ്ഥിരപ്പെടുത്തൽ

* 74. [23] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ഡിസ്ട്രിക്ടിൽ വില്ലേജ് ഉദ്യോഗസ്ഥന്മാരുടെസ്ഥിരപ്പെടുത്തൽ നടത്തിയതു് എന്നാണു്;

(ബി) അതിനുശേഷം സ്ഥിരപ്പെടുത്താതിരിക്കുന്നതു എന്തുകൊണ്ടു്

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 1-11-1956.

(ബി) സ്ഥിരപ്പെടുത്തുവാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കയാണു്, അടുത്തുതന്നെ പൂർത്തിയാകും.

താലൂക്കു് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ

* 75. [24] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

† Appendix III

LIBRARY ARCHIVES Kerala Legislative Assembly